# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4676** **20.10.2011 ൽ മറുപടിക്ക്**

**എം.എൽ.എ. ഫണ്ടുപയോഗിച്ച് കമ്പ്യൂട്ടർ നല്കുന്ന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ<br>ശ്രീ. എം.പി. അബ്ദു സ്സമദ് സമദാനി<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. കെ. എം. ഷാജി. | ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം. മാണി. |

| | | |
|---|---|---|
| എ. | എം.എൽ.എ. ഫണ്ടുപയോഗിച്ച് സ്കൂളുകൾക്ക് കമ്പ്യൂട്ടർ നല്കുന്ന പദ്ധതി പ്രകാരം കമ്പ്യൂട്ടർ വിതരണം ചെയ്യാൻ റേറ്റ് കോൺട്രാക്ട് നല്കിയിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാം; | എം.എൽ.എ. ഫണ്ടുപയോഗിച്ച് സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് സംസ്ഥാന സർക്കാർ നാളിതുവരെ ഒരു സ്ഥാപനത്തിനും റേറ്റ് കോൺട്രാക്റ്റ് നൽകിയിട്ടില്ല. |
| ബി. | പ്രസ്തുത സ്ഥാപനങ്ങൾ കമ്പ്യൂട്ടർ നിർമ്മിക്കുന്നുണ്ടോ; | ബാധകമല്ല. |
| സി. | പ്രസ്തുത പദ്ധതി പ്രകാരം നല്കുന്ന കമ്പ്യൂട്ടർ ഗുണനിലവാരം കുറഞ്ഞതാണെന്നും പെട്ടെന്ന് പ്രവർത്തനരഹിതമാവുന്നു എന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇത്തരത്തിലുള്ള പരാതികളൊന്നും തന്നെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി. | ഗുണനിലവാരമുള്ള കമ്പനികളുടെ കമ്പ്യൂട്ടറുകൾ മാത്രം പ്രസ്തുത പദ്ധതി പ്രകാരം വിതരണം ചെയ്യാനും വിതരണം നടത്തിയവയിൽ പ്രവർത്തനരഹിതമായവ ഏജൻസിയുടെ ചെലവിൽ അടിയന്തിരമായി മാറ്റി നല്കാനും നടപടി സ്വീകരിക്കുമോ? | എം.എൽ.എ സമ്മതിക്കുന്ന പക്ഷം കമ്പ്യൂട്ടർ കെൽട്രോണിൽ നിന്നും മാത്രമേ നേരിട്ട് വാങ്ങുവാൻ അനുമതിയുള്ളൂ. അല്ലാത്ത പക്ഷം സ്റ്റോർ പർച്ചേസ് റൂൾസ് അനുസരിച്ച് ഗുണമേന്മയുള്ള സാധനങ്ങൾ മറ്റ് കമ്പനികളിൽ നിന്നും വാങ്ങാവുന്നതാണ്. |

സെക്ഷൻ ഓഫീസർ